"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് കാസർഗോഡ് നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.സുർജിത്.കെ.സോമനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.784/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/03/2021

---

പരാമർശം:- 1 എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തലശ്ശേരി യുടെ 30.06.2017 ലെ സിസി1-120/16നമ്പർ വിധിന്യായം

2 നഗരകാര്യഡയറക്ടറുടെ 01.07.2020 തീയതിയിലെ വി2-10421/2010 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. സുർജിത്.കെ സോമൻ, മകളുടെ ജനനസർട്ടിഫിക്കറ്റിൽ പേരിന്റെ ഇനിഷ്യൽ തിരുത്തുന്നതിന് ഓഫീസിൽ എത്തിയ ശ്രീ. എ.വി. ശശിധരനിൽ നിന്ന്, 800/- രൂപ കൈക്കൂലി വാങ്ങിയതിന് ടിയാനെ വിജിലൻസ് അറസ്റ്റ് ചെയ്യുകയും തുടർന്ന് ടിയാനെതിരേ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസിൽ തലശ്ശേരി എൻക്വയറി കമ്മീഷണർ&സ്പെഷ്യൽ ജഡ്ജിന്റെ പരാമർശം 1 വിധിന്യായപ്രകാരം ടിയാനെ ഒരു വർഷത്തെ സാധാരണതടവിനും 10000/- രൂപ പിഴയൊടുക്കുന്നതിനും ശിക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു സർക്കാർ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ കുറ്റത്തിനായി ഒരു ക്രിമിനൽ കോടതി കുറ്റം ചുമത്തുകയും, ടിയാനെതിരെ തടവോ പിഴയോ രണ്ടുംകൂടിയോ ശിക്ഷ വിധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ടിയാൾക്കെതിരേ 1960ലെ കേരള സിവിൽ സർവ്വീസ്സ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും ) റൂൾസിൽ ചട്ടം 18 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീ. സുർജിത് കെ സോമനെതിരേ മേൽ ചട്ടം പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഉടൻ പ്രാബല്യത്തിൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

3. സസ്പെൻഷൻ കാലയളവിൽ ശ്രീ.സുർജിത്.കെ.സോമൻ, കെ.എസ്.ആർ ഭാഗം 1 ചട്ടം 55 പ്രകാരം ഉപജീവനബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ. സുർജിത് കെ സോമൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ,

കാസർഗോഡ് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, കാസർഗോഡ് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ